I ഇ.ബി. XIV - കേരള നിയമസഭ /V-19

# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മേയ് 23, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

പൂട്ടിക്കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ

മി. സ്പീക്കർ : 450-ൽപ്പരം സ്വകാര്യ കശുവണ്ടി ഫാക്ടറികൾ പൂട്ടിക്കിടക്കുന്നതുമൂലം മൂന്ന് ലക്ഷത്തോളം തൊഴിലാളികളുടെ ജീവിതം ദുരിതപൂർണ്ണമായിട്ടും അവ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ യാതൊരു ഇടപെടലും സർക്കാർ ഭാഗത്തുനിന്ന് ഉണ്ടാകാത്ത സാഹചര്യം

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) : ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമേഖലയിൽ ഉൾപ്പെടെ എല്ലാ കശുവണ്ടി ഫാക്ടറികളും അടഞ്ഞുകിടക്കുകയായിരുന്നു. ഗവൺമെന്റിന്റെ ശക്തമായ ഇടപെടലിനെത്തുടർന്ന് മൂന്ന് മാസത്തിനുള്ളിൽ പൊതുമേഖലയിലുള്ള നാല്പതും സ്വകാര്യ മേഖലയിലുള്ള നാനൂറ്റി ഇരുപത്തിയെട്ടും ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. വൻകിട ഫാക്ടറികളിൽ വി.എൽ.സി. ഗ്രൂപ്പിന്റെ പത്ത് ഫാക്ടറികൾ തുറക്കുന്നത് സംബന്ധിച്ച് തൊഴിലാളി യൂണിയനുകളുമായി കരാർ ഉണ്ടാക്കിയെങ്കിലും ഇതുവരെ നടപ്പാക്കിയിട്ടില്ല. കെ.പി.പി. ഗ്രൂപ്പിന്റെ മൂന്ന് ഫാക്ടറികൾ ഈ മാസം തന്നെ തുറന്നു പ്രവർത്തിക്കുമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. ഗവൺമെന്റുമായി നടത്തിയ ചർച്ചയെത്തുടർന്ന് റീഫൈനാൻസിംഗ് നൽകാൻ സന്നദ്ധമാണെന്ന് ബാങ്കുകൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 25-ഓളം ചെറുകിട ഫാക്ടറികൾ തുറക്കുന്നതിന് അനുയോജ്യമായ സാഹചര്യമുണ്ടായിട്ടുണ്ട്. ഇവരിൽനിന്നും കുറഞ്ഞ പലിശ ഈടാക്കുന്ന കാര്യം പരിഗണിക്കാമെന്ന് ബാങ്കുകൾ

സമ്മതിച്ചിട്ടുണ്ട്. ചെറുകിട വ്യവസായികൾക്ക് കുറഞ്ഞ വിലയ്ക്ക് കശുവണ്ടി ലഭ്യമാക്കുന്നതിനായി കൊല്ലം ആസ്ഥാനമായി ഒരു കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിക്കാത്ത സാഹചര്യത്തിൽ മുതലാളിമാരുടെ സഹകരണത്തോടുകൂടി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കായി 80 കോടി രൂപ വിനിയോഗിക്കുകയും കശുവണ്ടി കോർപ്പറേഷന്റെ ദീർഘകാലമായുള്ള ബാധ്യത കൊടുത്തുതീർക്കുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. പി. ടി. തോമസ്</u> : കേരളത്തിലെ രണ്ടര ലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികൾ ദുരിതപൂർണ്ണമായ അവസ്ഥയിലാണ്. ക്ഷേമനിധിയിൽ പണം അടയ്ക്കുന്ന പകുതിയോളം ഫാക്ടറികളും അടഞ്ഞുകിടക്കുന്നതിനാൽ ഭൂരിപക്ഷം വരുന്ന സ്ത്രീ തൊഴിലാളികളുടെ സ്ഥിതി ദയനീയമാണ്. ദീർഘകാലമായി അടഞ്ഞുകിടക്കുന്ന ഫാക്ടറി തൊഴിലാളികളുടെ 40 ശതമാനം കൂലി ലേ ഓഫ് കോമ്പൻസേഷനായോ ക്ലോഷർ കോമ്പൻസേഷനായോ കൊടുക്കണമെന്ന ആവശ്യം സർക്കാർ ഇതുവരെ അംഗീകരിച്ചിട്ടില്ല. കശുവണ്ടിത്തൊഴിലാളികൾക്കായി മുൻ ഗവൺമെന്റ് പ്രഖ്യാപിച്ച 2500 രൂപയുടെ ആനുകൂല്യവും സൗജന്യ റേഷനും ഇതുവരെ നൽകിയിട്ടില്ല. ഇ.എസ്.ഐ. ആനുകൂല്യം കിട്ടുന്നതിനുള്ള കുറഞ്ഞ ഹാജർ 39-ൽ നിന്നും 156 ആയി

ഉയർത്തിയതിലൂടെ കശുവണ്ടിത്തൊഴിലാളികൾക്ക് പ്രസ്തുത ആനുകൂല്യം നിഷേധിച്ചിരിക്കുകയാണ്. ബേസിക് സാലറിയുടെ 12% പ്രോവിഡന്റ് ഫണ്ടിനത്തിലും 4.75% ഇ.എസ്.ഐ. ആയും നൽകുന്നില്ല. കശുവണ്ടി നയമോ കഴിഞ്ഞ വർഷത്തെ ബോണസോ പ്രഖ്യാപിക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടില്ല. പെൻഷൻ ഏകീകരണത്തിലൂടെ കശുവണ്ടി തൊഴിലാളികളുടെ വേതനത്തിൽ കുറവുണ്ടായിരിക്കുകയാണ്. സ്വകാര്യ ചെറുകിട കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാൻ സർക്കാർ ശക്തമായ നടപടി സ്വീകരിക്കണം. ജില്ലകൾതോറും കാഷ്യൂ ബൂത്തുകൾ ആരംഭിക്കുന്നതിനും കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കണം. മിനിമം കൂലിയടക്കമുള്ള തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നിഷേധിക്കുന്ന ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി <u>(ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ)</u>: ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പുതിയ പരിഷ്കാരങ്ങൾ തികച്ചും തൊഴിലാളി വിരുദ്ധമാണ്. കേന്ദ്ര സർക്കാരിന്റെ ഇത്തരം നിലപാടുകൾക്കെതിരെ യോജിച്ചുള്ള പോരാട്ടത്തിന് പ്രതിപക്ഷം തയ്യാറാകണം. കശുവണ്ടിത്തൊഴിലാളികളുടെ പെൻഷനിൽ കുറവു വരുത്തിയെന്ന

വസ്തുതാവിരുദ്ധമായ പ്രചാരണം യു.ഡി.എഫ്. അവസാനിപ്പിക്കണം. പി.എഫ്. പെൻഷനും ക്ഷേമനിധി പെൻഷനും പുറമെ കശുവണ്ടിത്തൊഴിലാളിക്ക് ലഭിക്കുന്ന മൂന്നാമത്തെ പെൻഷനിലാണ് കുറവ് വരുന്നത്. കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ സർക്കാർ സാധ്യമായതെല്ലാം ചെയ്തിട്ടുണ്ട്. പ്രോസസിംഗ് സുതാര്യമാക്കാൻ ഇ-ടെണ്ടർ അടക്കമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണ് മാസങ്ങളായി അടഞ്ഞുകിടക്കുന്ന പൊതുമേഖലാ കശുവണ്ടി ഫാക്ടറികൾ തുറക്കാൻ സർക്കാർ നടപടി സ്വീകരിച്ചത്. ന്യായമായി പ്രവർത്തിക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്ക് പിന്തുണ നൽകുന്ന സർക്കാർ നയത്തിന്റെ ഫലമായി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാൻ സന്നദ്ധമായിട്ടുണ്ട്. സർക്കാരിനെ വെല്ലുവിളിക്കുന്ന സമീപനം സ്വീകരിക്കുവാൻ ആരെയും അനുവദിക്കില്ല. സർക്കാർ നീക്കത്തിന് കക്ഷിഭേദമെന്യേ ട്രേഡ് യൂണിയനും വ്യവസായികളും പിന്തുണ നൽകിയിട്ടുണ്ട്. തോട്ടണ്ടിയുടെ ലഭ്യത ഉറപ്പാക്കാൻ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതടക്കം സർക്കാർ നടത്തുന്ന പരിശ്രമങ്ങൾക്ക് പ്രതിപക്ഷത്തിന്റെ സഹകരണമുണ്ടാകണം. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, അനൂപ് ജേക്കബ്, കെ. എം. മാണി, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി

നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരികെ ഹാജരാകുകയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) മത്സ്യ അനുബന്ധ-മേഖലകളിലെ പ്രശ്നങ്ങൾ

ശ്രീ. ജോൺ ഫെർണാണ്ടസ് : കേരളത്തിലെ അവഗണിക്കപ്പെട്ട ഒരു വിഭാഗം തൊഴിലാളികളാണ് മത്സ്യ-അനുബന്ധ മേഖലയിൽ പണിയെടുക്കുന്നത്. ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യാത്ത പതിനായിരക്കണക്കിന് തൊഴിലാളികളാണ് ഈ മേഖലയിലുള്ളത്. പീലിംഗ് സെക്ഷനിൽ പണിയെടുക്കുന്ന തൊഴിലാളികൾ വളരെയേറെ പ്രതിസന്ധി തരണം ചെയ്യേണ്ടതുണ്ട്. കൊല്ലം, ആലപ്പുഴയുടെ വടക്കൻമേഖലകൾ, എറണാകുളം ജില്ലയിലെ തീരപ്രദേശങ്ങൾ എന്നിവിടങ്ങളിലാണ് ഈ തൊഴിലാളികൾ കൂടുതലായുള്ളത്. കൃത്യമായ സേവന-വേതന വ്യവസ്ഥകളൊന്നുമില്ലാതെ വളരെ ദുരിതപൂർവ്വമായ സാഹചര്യങ്ങളിലാണ് മത്സ്യ-അനുബന്ധ മേഖലയിലെ തൊഴിലാളികൾ പണിയെടുക്കുന്നത്. ഈ മേഖലയിൽ പണിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾ പലവിധ ചൂഷണങ്ങൾക്കും വിധേയരാവുകയാണ്. സമയബന്ധിതമായി ജോലി ചെയ്യേണ്ടി വരുന്ന ഇവർക്ക് അർഹമായ പരിഗണന ലഭിക്കാറില്ല. മത്സ്യസംസ്കരണത്തിനായി

ഫ്രീസിംഗ് പ്ലാന്റിലും ഐസ് പ്ലാന്റിലും ജോലി ചെയ്യുന്നവരും ഇത്തരത്തിലുള്ള പ്രശ്നങ്ങൾ നേരിടുന്നുണ്ട്. തീരദേശമേഖലയിലെ മത്സ്യ കൃഷി പ്രോത്സാഹിപ്പിച്ച് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനും മത്സ്യ സംസ്കരണ മേഖലയെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): കേരളത്തിൽ 10.47 ലക്ഷം മത്സ്യത്തൊഴിലാളികളും 77694 അനുബന്ധത്തൊഴിലാളികളും മത്സ്യമേഖലയെ ആശ്രയിച്ച് ജീവിക്കുന്നു. അനുബന്ധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളിലധികവും വനിതകളാണ്. കാലാവസ്ഥാ വ്യതിയാനവും അമിത മത്സ്യ ചൂഷണവും ചെറുമീനുകളുടെ നശീകരണവുംമൂലം മത്സ്യബന്ധന മേഖല ഏറെ പ്രശ്നങ്ങൾ നേരിടുകയാണ്. ആദിവാസികൾ കഴിഞ്ഞാൽ പ്രതിശീർഷ വരുമാനത്തിൽ പിന്നിൽ നിൽക്കുന്ന ഈ വിഭാഗത്തിന് മതിയായ വിദ്യാഭ്യാസമില്ലാത്തതിനാൽ തൊഴിൽ മേഖലയിൽ ഏറെ ചൂഷണം നേരിടേണ്ടി വരുന്നു. മത്സ്യ - അനുബന്ധ മേഖലയിൽ പണിയെടുക്കുന്നവരുടെ ദുരിതമകറ്റുന്നതിനുതകുന്ന പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. എല്ലാവർക്കും മിനിമം വേജസും ജോലിസ്ഥിരതയും ഉറപ്പാക്കുന്നതിനും സ്ത്രീ സൗഹൃദ

മാർക്കറ്റുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. മത്സ്യഫെഡ്ഡുമായിച്ചേർന്ന് ഹാർബറുകളിൽനിന്ന് ശീതീകരിച്ച വാനുകളിൽ മത്സ്യം നേരിട്ട് മാർക്കറ്റുകളിൽ എത്തിക്കുന്നതിനും വിൽപ്പന കഴിഞ്ഞുള്ളവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് മാർക്കറ്റുകളിൽ ശീതീകരണ സംവിധാനം ഏർപ്പെടുത്തുന്നതിനും ഫിഷ് ഔട്ട്‌ലെറ്റുകൾ സ്ഥാപിച്ച് മത്സ്യം സൂക്ഷിക്കുന്നതിനും നടപടിയെടുത്തുവരുന്നു. അനുബന്ധ തൊഴിലാളികളുടെ അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി 10 ലക്ഷം രൂപയായും പെൻഷൻ 1100 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. പീലിംഗ് തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഫിഷറീസ് വകുപ്പ് സെക്രട്ടറി ചെയർമാനും ഡയറക്ടർ കൺവീനറുമായി രൂപീകരിച്ച എക്സ്‌പെർട്ട് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കിവരികയാണ്. മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമായിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും അനുബന്ധ തൊഴിലാളികൾക്കും ഉറപ്പാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്.

(2) ഡാറ്റാ ബാങ്കും പാരിസ്ഥിതികാവസ്ഥ സംബന്ധിച്ച ധവളപത്രവും

ശ്രീ. വി. ടി. ബൽറാം: പരിസ്ഥിതി സംബന്ധിച്ച ധവളപത്രത്തിന്റെ കരട് പ്രസിദ്ധീകരിച്ച് ചർച്ചകൾക്ക് തുടക്കം കുറിക്കാനും എത്രയുംവേഗം അന്തിമ ധവളപത്രം പുറപ്പെടുവിക്കാനും ഉപഗ്രഹ ചിത്രത്തോടുകൂടിയ നെൽവയൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാനും നടപടി സ്വീകരിക്കണം. കാർഡമം ഹിൽ റിസർവ്

റവന്യൂ ഭൂമിയാക്കി മാറ്റുന്നതിന് ഇടപെടൽ നടത്തി പരിസ്ഥിതി സംരക്ഷിക്കുന്നതിനും മൈനിംഗ് പോളിസി പൊതുമേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനും സാധിക്കണം. കേരളത്തിന്റെ പശ്ചിമഘട്ടമുൾപ്പെടെയുള്ള പരിസ്ഥിതി സംരക്ഷിക്കുന്നതിനും ഹരിതകേരളം മിഷൻ ഫലപ്രദമായി നടപ്പാക്കുന്നതിനും നദികളുടെ വൃഷ്ടി പ്രദേശം മുതൽ അഴിമുഖം വരെയുള്ള സംരക്ഷണത്തിനായി റിവർ ബേസിൻ അതോറിറ്റി രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പരിസ്ഥിതി സംബന്ധിച്ച ധവളപത്രത്തിന്റെ കരട് കാലതാമസം കൂടാതെ പ്രസിദ്ധീകരിക്കുന്നതാണ്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ അനുശാസിക്കുന്ന ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുവെങ്കിലും ഭൗതിക പരിശോധനയുടെയും റവന്യൂ രേഖകളുടെയും അടിസ്ഥാനത്തിലാണ് തയ്യാറാക്കിയത്. തിരുത്തലുകൾവരുത്തി രേഖകൾ തയ്യാറാക്കുന്നതിന് കേരള വിദൂര സംവേദന പരിസ്ഥിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുമേഖലയിൽ മൈനിംഗ് നടത്തുന്നതിനെക്കുറിച്ച് ചർച്ചകൾ നടത്തുകയും നടപടിക്രമങ്ങളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയുമാണ്. നദികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്.

## III സബ്മിഷൻ

### (1) ജിഷ്ണു പ്രണോയിയുടെ ബന്ധുക്കളുടെ നിരാഹാര സമരം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ജിഷ്ണു പ്രണോയിയുടെ ബന്ധുക്കളുടെ നിരാഹാര സമരം ഒത്തുതീർപ്പാക്കുന്നതിനുവേണ്ടി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറും സ്റ്റേറ്റ് അറ്റോർണി ജനറലും ഇടപെട്ടുണ്ടാക്കിയ കരാറിന്റെ കോപ്പികൾ ബന്ധുക്കൾക്ക് ലഭ്യമാക്കുകയും കരാർ പ്രകാരം സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വ്യക്തമാക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ജിഷ്ണു പ്രണോയിയുടെ അമ്മ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിരാഹാര സമരം നടത്തിയിരുന്ന ഘട്ടത്തിൽ സർക്കാർ നിർദ്ദേശപ്രകാരം സ്റ്റേറ്റ് അറ്റോർണി ജനറലും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറും ബന്ധുക്കളുമായി ധാരണയിലെത്തിയതിന്റെ അടിസ്ഥാനത്തിൽ കേസന്വേഷണത്തിൽ പാളിച്ച സംഭവിച്ചിട്ടുണ്ടോയെന്നും പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ അപാകത കടന്നുകൂടിയിട്ടുണ്ടോയെന്നും പരിശോധിക്കുന്നതിനും ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിലുള്ള അന്വേഷണ സംഘത്തെ വിപുലീകരിക്കുന്നതിനും തീരുമാനിച്ചിരുന്നു. സ്വാശ്രയ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. ജിഷ്ണു പ്രണോയിയുടെ

കുടുംബം സർക്കാരിനോട് സഹകരിക്കുകയും പോലീസ് അന്വേഷണത്തിൽ തൃപ്തി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡി.ജി.പി. ഓഫീസിന് മുന്നിൽ നടന്ന സംഭവങ്ങളുമായി ബന്ധപ്പെട്ട് ഉന്നതതല അന്വേഷണത്തിനായി എ.ഡി.ജി.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജിഷ്ണു പ്രണോയി കേസിൽ നീതി ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

(2) കോസ്റ്റ് ഗാർഡ് അക്കാദമി

ശ്രീ. റ്റി. വി. രാജേഷ്: കണ്ണൂർ ജില്ലയിലെ ഇരിണാവിൽ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ കോസ്റ്റ് ഗാർഡ് അക്കാദമി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കണ്ണൂർ ജില്ലയിലെ ഇരിണാവിൽ കിൻഫ്ര ഏറ്റെടുത്ത ഭൂമി കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിനുകീഴിലുള്ള തീരദേശ സംരക്ഷണ സേനയ്ക്ക് പാട്ട വ്യവസ്ഥയിൽ നൽകുകയും കോസ്റ്റ് ഗാർഡ് അക്കാദമിക്ക് തറക്കല്ലിടുകയും ചെയ്തിട്ടുണ്ട്. ലീസ് പ്രീമിയം തുക മുഴുവൻ അടച്ചിട്ടുള്ളതിനാലും പ്രസ്തുത സ്ഥലത്തേയ്ക്കുള്ള റോഡ് വീതികൂട്ടുന്നതിനും അനുബന്ധ റോഡ് നിർമ്മിക്കുന്നതിനുമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതിനാലും പദ്ധതിയിൽനിന്നും പിൻമാറുന്നത് സംബന്ധിച്ച് കോസ്റ്റ് ഗാർഡിൽനിന്നും ഔദ്യോഗിക അറിയിപ്പ് ലഭിച്ചിട്ടില്ലാത്തതിനാലും പ്രസ്തുത പദ്ധതി

തീരദേശസംരക്ഷണ സേന നടപ്പാക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

(3) <u>കോളനി നിവാസികൾക്ക് പട്ടയം</u>

<u>ശ്രീ. വി. ജോയി</u>: നാവായിക്കുളം വില്ലേജിലെ നൈനാംകോണം കോളനി നിവാസികൾക്ക് പട്ടയം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): വർക്കല താലൂക്കിൽ നാവായിക്കുളം വില്ലേജിൽ നൈനാംകോണം കോളനി നിവാസികൾക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനപ്രകാരം സർവ്വേ ഉദ്യോഗസ്ഥർ കോളനി പ്രദേശം അളന്ന് തിട്ടപ്പെടുത്തുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കോളനിപ്രദേശത്തെ 33 ഏക്കറോളം ഭൂമിയിൽ 12.91 ഏക്കർ സ്ഥലം ഏറ്റെടുത്ത് കൈവശക്കാരിൽനിന്നും അപേക്ഷ സ്വീകരിച്ച് ഭൂപരിഷ്കരണ നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി പതിച്ച് നൽകുന്നതിനുള്ള നടപടികൾ താലൂക്ക് തലത്തിൽ പുരോഗമിച്ചുവരുന്നു. ബാക്കി ഭൂമിയിൽ അടിസ്ഥാന ആധാരങ്ങൾ ലഭ്യമായവയ്ക്ക് കരമടച്ച് കൊടുക്കുന്നതിനും അല്ലാത്തവയ്ക്ക് ലാന്റ് ട്രിബ്യൂണൽ വഴി പട്ടയം നൽകുന്നതിനുമായി കൈവശക്കാരുടെ ലിസ്റ്റ് താലൂക്ക് തലത്തിൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(4) ആശാ പ്രവർത്തകരുടെ ആവശ്യങ്ങൾ

ശ്രീ. എസ്. ശർമ്മ: ആശാ പ്രവർത്തകർക്ക് മിനിമം വേതനം നടപ്പിലാക്കുന്നതിനും ഉപാധിരഹിത വേതനം വിതരണം ചെയ്യുന്നതിനും ആർദ്രം പദ്ധതിയിലും റേഷൻ മുൻഗണനാ ലിസ്റ്റിലും ഉൾപ്പെടുത്തുന്നതിനും സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതിനും ഇൻസെന്റീവുകൾ ഏകീകരിച്ച് വിതരണം ചെയ്യുന്നതിനും അവരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് ലഭ്യമായ ആരോഗ്യ സേവനങ്ങളെക്കുറിച്ച് ബോധവത്കരിക്കുക, ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ആരോഗ്യ സേവനങ്ങൾ നേടിയെടുക്കാൻ സഹായിക്കുക, കൊതുക് നിവാരണം, പകർച്ചവ്യാധി നിയന്ത്രണംപോലുള്ള പ്രവർത്തനങ്ങളിൽ സഹായിക്കുക തുടങ്ങിയവയാണ് ആശാ പ്രവർത്തകരുടെ ഉത്തരവാദിത്വം. അവരുടെ ഓണറേറിയം 2,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 'ആർദ്രം' പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആരോഗ്യ പ്രവർത്തകരുടെയും ആശാ പ്രവർത്തകരുടെയും സേവനമാണ് ഉപയോഗിക്കുന്നത്. 'ആശാ കിരണം' എന്ന പേരിൽ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുകയും അവരുടെ

പ്രവർത്തനം പുനർ നിർവ്വചിച്ചുകൊണ്ട് ഒരു പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കുകയും അതനുസരിച്ച് ഇൻസെന്റീവ് വർദ്ധിപ്പിക്കാനുള്ള തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണ്.

## (5) 'സ്നേഹപൂർവ്വം' പദ്ധതി

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: 'സ്നേഹപൂർവ്വം' പദ്ധതിയുടെ 2016-17 അദ്ധ്യയന വർഷത്തെ സാമ്പത്തിക സഹായം വിതരണം ചെയ്യുന്നതിനും എസ്.എസ്.എൽ.സി., പ്ലസ്.ടു. പരീക്ഷകൾക്ക് എ+ നേടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയിരുന്ന പദ്ധതി പുനരാരംഭിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): മാതാപിതാക്കളോ അതിലൊരാളോ മരണപ്പെട്ടാൽ സാമ്പത്തിക ബുദ്ധിമുട്ടുള്ള കുട്ടികളെ സ്വഭവനങ്ങളിൽ താമസിപ്പിച്ച് വിദ്യാഭ്യാസം നൽകുന്നതിനുള്ള ധനസഹായ പദ്ധതിയാണ് 'സ്നേഹപൂർവ്വം' പദ്ധതി. സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ഡിഗ്രി പ്രൊഫഷണൽ ക്ലാസുവരെ പഠിക്കുന്ന ബി.പി.എൽ. കുടുംബത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് ഇതിന് അർഹതയുള്ളത്. ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേന ഓൺലൈനായാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ അപേക്ഷകൾ

സ്വീകരിക്കാനുള്ള അവസാന തീയതി രണ്ടുതവണ ദീർഘിപ്പിച്ചു നൽകിയിരുന്നു. സ്ഥാപന മേധാവികളിൽനിന്നും കമ്പ്യൂട്ടർ പ്രിന്റൗട്ട് സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ ലഭ്യമായതിൽനിന്നും അർഹരായവർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. 2014-15, 2015-16, 2016-17 വർഷങ്ങളിലായി ആകെ 56291 പേർക്ക് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. അർഹരായ എല്ലാവരുടേയും ബാങ്ക് അക്കൗണ്ടുകളിൽ രണ്ടാഴ്ചയ്ക്കകം ധനസഹായം എത്തുന്നതാണ്.

(6) ഫാം.ഡി. കോഴ്സും ക്ലിനിക്കൽ ഫാർമസിസ്റ്റ് തസ്തികയും

ശ്രീമതി ഇ. എസ്. ബിജിമോൾ: ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഫാം.ഡി. കോഴ്സുകൾ ആരംഭിക്കാനും പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജുവരെയുള്ള സർക്കാർ ആശുപത്രികളിൽ ക്ലിനിക്കൽ ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിച്ച് ഫാം.ഡി. ബിരുദധാരികളെ നിയമിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ എം.ബി.ബി.എസ്., എം.ഡി., എം.എസ്., സൂപ്പർ സ്പെഷ്യാലിറ്റി ഡിഗ്രിയുള്ളവരാണ്. പഠന കാലത്ത് ഓരോ രോഗത്തിനും നൽകേണ്ട മരുന്നുകളെപ്പറ്റി പഠിപ്പിക്കുകയും വാർഡ് പരിശീലനത്തിനിടയിൽ ഇത് പ്രായോഗികമായി

നടപ്പിലാക്കുന്നതെങ്ങനെയെന്ന് വിശദമായി മനസ്സിലാക്കിക്കൊടുക്കുകയും അനാട്ടമി, ഫിസിയോളജി, ബയോകെമിസ്ട്രി എന്നീ വിഷയങ്ങളിൽ അറിവ് നേടിയതിനുശേഷം ഫാർമക്കോളജിയും ക്ലിനിക്കൽ വിഷയങ്ങളും ഇവർ പഠന വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ശരിയായ അറിവോടെയും ശാസ്ത്രീയമായുമാണ് ഡോക്ടർമാർ മരുന്ന് നൽകുന്നത്. പ്രസ്തുത സാഹചര്യത്തിൽ ഡോക്ടർമാർക്കും ഫാർമസിസ്റ്റുകൾക്കുമിടയിൽ ക്ലിനിക്കൽ ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നത് സർക്കാരിന് അധിക ബാധ്യതയുണ്ടാക്കുമെന്നതിനാൽ പ്രസ്തുത വിഷയം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

(7) വിധവകളുടെ സംരക്ഷണം

ശ്രീ. പി. സി. ജോർജ്: സമൂഹത്തിൽ വൈധവ്യം അനുഭവിക്കുന്ന സ്ത്രീകൾക്ക് സാമ്പത്തിക സഹായം നൽകാനും സ്ത്രീപക്ഷ സമൂഹത്തെ സംബന്ധിച്ച് സമഗ്രമായ പഠനം നടത്താൻ ഒരു കമ്മീഷനെ നിയമിക്കാനും അകാലത്തിൽ ഭർത്താവ് നഷ്ടപ്പെട്ട സ്ത്രീകൾക്ക് തൊഴിൽ/ജീവനാംശം നൽകുന്ന പദ്ധതി നടപ്പാക്കാനും അവരെ ബി.പി.എൽ. കുടുംബങ്ങളായി പ്രഖ്യാപിക്കാനും 60 വയസ് കഴിഞ്ഞവരെ ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർണ്ണ സംരക്ഷണം ഏറ്റെടുക്കാനും സ്വന്തമായി ഭൂമിയും വീടുമില്ലാത്ത വിധവകൾക്കായി പ്രത്യേക പാക്കേജ് കൊണ്ടുവരാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സംസ്ഥാനത്തെ വിധവകളെ സംരക്ഷിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. വിധവകൾ, വിവാഹബന്ധം വേർപെടുത്തിയവർ, ദുരിതബാധിതരും അഗതികളുമായ സ്ത്രീകൾ എന്നിവരെ സംരക്ഷിക്കുന്നതിന് ഇടുക്കി ഒഴികെയുള്ള എല്ലാ ജില്ലകളിലും മഹിളാമന്ദിരങ്ങളുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതകൾ ഗൃഹനാഥയായ കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകിവരുന്നുണ്ട്. വിധവാ വിവാഹ പ്രോത്സാഹന പദ്ധതിയായ 'മംഗല്യ'യിലൂടെ 25000/- രൂപ ധനസഹായവും ബി.പി.എൽ. കുടുംബങ്ങളിലെ വിധവകളുടെ പെൺമക്കൾക്ക് 30000/- രൂപ വിവാഹ ധനസഹായമായും നൽകുന്നുണ്ട്. അശരണരായ വിധവകളെ താമസിപ്പിക്കുന്ന ബന്ധുക്കൾക്ക് പ്രതിമാസം 1000/- രൂപ ധനസഹായം നൽകുന്ന 'അഭയകിരണം' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. വിധവകൾ, വിവാഹമോചിതരായ സ്ത്രീകൾ എന്നിവരുടെ സാമ്പത്തിക ശാക്തീകരണത്തിനായി സ്വയംതൊഴിൽ പരിശീലനം നൽകി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി കോഴിക്കോട് ജില്ലയിൽ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പുമുഖേന വിധവാ പെൻഷനും നൽകിവരുന്നുണ്ട്. വിധവകളുടെ പ്രശ്നങ്ങൾ പഠിക്കാനായി സാമൂഹ്യനീതി വകുപ്പിനെ ചുമതലപ്പെടുത്തുന്നതാണ്.

(8) സംഭരിച്ച നെല്ലിന്റെ വില

ശ്രീ. സി. എഫ്. തോമസ്: സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് അടിയന്തരമായി നൽകാനുള്ള നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): 1-10-2016 മുതൽ 22-5-2017 വരെ സംഭരിച്ച നെല്ലിന് 216.54 കോടി രൂപ നൽകാനുണ്ട്. കേന്ദ്ര സർക്കാർ നൽകിവരുന്ന അടിസ്ഥാന താങ്ങുവിലയും സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതമായി നൽകുന്ന പ്രോത്സാഹന ബോണസും ഉൾപ്പെടെ 22.50 രൂപയാണ് കിലോഗ്രാമിന് നൽകിവരുന്നത്. നെല്ലിന്റെ പ്രോത്സാഹന ബോണസും അടിസ്ഥാന താങ്ങുവിലയും വിതരണം ചെയ്തിട്ടുണ്ട്. പ്രൊവിഷണൽ ക്ലെയിമായ 238.23 കോടി രൂപ കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽകൂടിയ യോഗ തീരുമാനപ്രകാരം കർഷകർ നെല്ല് നൽകിയ രസീത് ഹാജരാക്കുമ്പോൾ ബാങ്കിൽനിന്ന് നെല്ലിന്റെ വില കർഷകർക്ക് ഉടൻ നൽകുന്നതിനും കേന്ദ്ര വിഹിതം ലഭിക്കുന്ന മുറയ്ക്ക് പലിശ സഹിതം കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ അടയ്ക്കുന്നതിനുമുതകുന്ന പി.ആർ.എസ്. ലോൺ സംവിധാനം ബാങ്കുകളുമായി സഹകരിച്ച് നടപ്പിലാക്കുന്നതാണ്.

(9) കേരള യോഗ അസോസിയേഷൻ

ശ്രീ. പി. ടി. തോമസ്: കേരള സ്പോർട്സ് അസോസിയേഷന്റെ കീഴിലുള്ള യോഗ അസോസിയേഷന് അംഗീകാരവും സാമ്പത്തിക സഹായവും നൽകുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): ദേശീയ യോഗ ഫെഡറേഷന്റെ അംഗീകാരം ലഭിച്ചിട്ടുള്ള യോഗ അസോസിയേഷൻ ഓഫ് കേരളയ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ 2017-ൽ അംഗീകാരം നൽകുകയും അംഗീകൃത സ്പോർട്സ് അസോസിയേഷനുകൾ സംഘടിപ്പിക്കുന്ന നാഷണൽ ചാമ്പ്യൻഷിപ്പുകൾക്ക് പ്രത്യേക ഗ്രാന്റ് അനുവദിക്കുകയും ചെയ്യുന്നുണ്ട്. വെള്ളയമ്പലം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച ഫസ്റ്റ് ഫെഡറേഷൻ ഓഫ് നാഷണൽ യോഗ ചാമ്പ്യൻഷിപ്പിന്റെ നടത്തിപ്പിലേയ്ക്കായി സർക്കാർ ഉത്തരവുപ്രകാരമാണ് സ്പോർട്സ് കൗൺസിൽ ധനസഹായം നൽകിയത്. യോഗയുടെ പ്രചാരത്തിനായി പരിശ്രമിക്കുന്ന എല്ലാ സംഘടനകളെയും സ്പോർട്സ് കൗൺസിൽ സഹായിക്കും.

(10) പ്രമാണങ്ങൾ തിരികെ ലഭ്യമാക്കൽ

ശ്രീമതി പി. അയിഷാ പോറ്റി: ഭവനശ്രീ വായ്പ എഴുതിത്തള്ളിയ സാഹചര്യത്തിൽ ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിലെ കോർപ്പറേഷൻ ബാങ്കിൽ നിന്നും

വായ്പ എടുത്തവരുടെ പ്രമാണങ്ങൾ തിരികെ നൽകാനുള്ള നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2005-ൽ കുടുംബശ്രീ സി.ഡി.എസ്. മുഖാന്തിരം പഞ്ചായത്തുകളിൽ നടപ്പിലാക്കിയ ഭവനശ്രീ വായ്പകൾ സർക്കാർ ഏറ്റെടുക്കുന്നതായി 2010-11-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ബാങ്കുകളിൽ നിന്ന് കുടുംബശ്രീ ശേഖരിച്ച് സമർപ്പിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ ഭവനശ്രീ അക്കൗണ്ടുകൾ സർക്കാർ ഏറ്റെടുത്ത് ഉത്തരവായെങ്കിലും ചില ബാങ്കുകൾ കുടുംബശ്രീക്ക് സമർപ്പിച്ച ലിസ്റ്റിൽ മുഴുവൻ ഭവനശ്രീ അക്കൗണ്ടുകളും ഉൾപ്പെടുത്തിയിരുന്നില്ല. എസ്.എൽ.ബി.സി. തീരുമാനപ്രകാരം വിട്ടുപോയ ഭവനശ്രീ അക്കൗണ്ടുകളുടെ വിവരം ബാങ്കുകളിൽനിന്ന് വീണ്ടും ശേഖരിക്കുകയും അവ സർക്കാർ ഏറ്റെടുത്ത് ഉത്തരവാകുകയും ചെയ്തിരുന്നു. എന്നാൽ ചില ബാങ്കുകളിലെ ഭവനശ്രീ അക്കൗണ്ടുകൾ ലിസ്റ്റിൽ ഉൾപ്പെടാത്തതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അത്തരം അക്കൗണ്ടുകളുടെ ക്രോഡീകരിച്ച പട്ടിക കുടുംബശ്രീ മിഷൻ മൂന്നാം ഘട്ടമായി സമർപ്പിച്ചത് സർക്കാർ പരിശോധിച്ചുവരികയാണ്. ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിലെ കോർപ്പറേഷൻ ബാങ്കിൽനിന്നുള്ള ഭവനശ്രീ അക്കൗണ്ടും പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച ഉത്തരവ് ഉടൻ പുറപ്പെടുവിക്കുകയും ഇതിന്റെ പ്രയോജനം

ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യും.

(11) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ യോഗം

ശ്രീ. അനിൽ അക്കര: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട യോഗങ്ങൾ നിയമപ്രകാരം വിളിച്ചുചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): പ്രസ്തുത വിഷയം അടിയന്തരമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അർബൻ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാലുടൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V ബഡ്ജറ്റ് പ്രസംഗത്തിലെ തിരുത്ത്

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ 191, 230 ഖണ്ഡികകളിലെ വർക്കുകളുടെ പേരിലുള്ള അച്ചടിപ്പിശക് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റുമെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## VI റിപ്പോർട്ടുകളുടെ സമർപ്പണം

(1) I, VI, VII, IX എന്നീ നമ്പർ സബ്ജക്ട് കമ്മിറ്റികളുടെ 2016-17-സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

(3) 2017 -ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ നാല്പത്തിരണ്ടുമുതൽ അമ്പത്തിനാലുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(5) ഹർജികൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(6) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VII നിയമനിർമ്മാണകാര്യം

(1) 2017-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

2017- ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2017- ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഭരണസംവിധാനം ശക്തിപ്പെടുത്തി സാമൂഹ്യജീവിതത്തെ മെച്ചപ്പെടുത്താനുതകുന്ന പരിപാടികളും പദ്ധതികളും ദീർഘവീക്ഷണത്തോടെ ഏറ്റെടുത്തുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഭാവിയിൽ കേരളം നേരിടേണ്ടി വരുന്ന പ്രതിസന്ധികളെ തരണം ചെയ്യുന്നതിനുള്ള പദ്ധതികൾ വിഭാവന ചെയ്യുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. നവകേരള മിഷൻ പോലുള്ള ബൃഹത്തായ പദ്ധതികൾ കേരളത്തെ ഉയരങ്ങളിലേയ്ക്കെത്തിക്കാൻ ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്. സ്വന്തമായി ബാങ്ക് എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടാൻ പോവുകയാണ്. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ച് വീടുകളിൽ എത്തിക്കുന്ന നടപടി ശ്ലാഘനീയമാണ്. ഇടുക്കിയിൽ 5500-ലേറെ കുടുംബങ്ങൾക്കാണ് കഴിഞ്ഞ ദിവസം പട്ടയം നൽകിയത്. ആരോഗ്യ, വിദ്യാഭ്യാസ, പരിസ്ഥിതി സംരക്ഷണ രംഗങ്ങളിൽ

സർക്കാർ ദിശാബോധത്തോടെ മുന്നേറുകയാണ്.

<u>ശ്രീ. കെ. മുരളീധരൻ</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. യു.ഡി.എഫ്.-ന്റെ കൂടെ നിൽക്കുമ്പോൾ കുറ്റക്കാരും അഴിമതിക്കാരുമെന്ന് മുദ്രകുത്തപ്പെടുന്നവർ എൽ.ഡി.എഫ്.-ലേയ്ക്ക് വരുമ്പോൾ ശുദ്ധന്മാരാകുന്ന നയം ദൗർഭാഗ്യകരമാണ്. നേമം ബ്ലോക്കിൽ ഇടതുപക്ഷ-ബി.ജെ.പി. കൂട്ടുകെട്ട് പ്രകടമാണ്. ബംഗാളിലുൾപ്പെടെ വർഗ്ഗീയ കക്ഷികളെ താഴെയിറക്കാൻ കോൺഗ്രസ്സ് ഇടതുപക്ഷവുമായി സഹകരിച്ചിട്ടുണ്ട്. അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പിലും ആ നിലപാട് തുടരുന്നതാണ്. ഈ ഗവൺമെന്റിന്റെ പോലീസ് വകുപ്പ് മോശം നിലവാരമാണ് പുലർത്തുന്നത്. ഇഷ്ടമില്ലാത്ത ഒരാൾ ഡി.ജി.പി.-യുടെ കസേരയിലിരിക്കുന്നതിനാൽ അദ്ദേഹം ചെയ്യുന്നതിനെയെല്ലാം എതിർക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. സർവ്വീസിലിരിക്കുന്ന ഒരാൾ ഗ്രന്ഥരചന നടത്തുമ്പോൾ സർവ്വീസ് ചട്ടം ബാധകമാണ്. കേരള ബാങ്ക് രൂപീകരണത്തിലൂടെ കിഫ്ബിയെ രക്ഷിക്കുന്നതിനായി സഹകരണ പ്രസ്ഥാനത്തെ തകർക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ക്ഷേമപെൻഷനുകൾ, കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷനുകൾ, തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ കൂലി എന്നിവ മുടങ്ങിക്കിടക്കുന്നു. ഈ ഗവൺമെന്റിന്റെ കഴിഞ്ഞ ഒരു വർഷത്തെ ഭരണം സമ്പൂർണ്ണ പരാജയമാണ്.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. റബ്ബർ കർഷകരേയും അനുബന്ധ മേഖലയിൽ പണിയെടുക്കുന്ന സാധാരണക്കാരെയും ദുരിതത്തിലാക്കുന്ന കേന്ദ്ര ഗവൺമെന്റ് നയങ്ങളെ തിരുത്തുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. വലതുപക്ഷ കോർപ്പറേറ്റ് നയങ്ങൾ ലോകതൊഴിൽ മേഖലയെ പ്രതിസന്ധിയിലാക്കിയതിന്റെ ഫലമാണ് ഗൾഫിൽനിന്ന് തൊഴിൽ നഷ്ടപ്പെട്ട് വരുന്നവരുടെ എണ്ണം സൂചിപ്പിക്കുന്നത്. ആഭ്യന്തര ഉൽപ്പാദനവും കമ്പോളവും വികസിപ്പിച്ചാൽ മാത്രമേ ഈ ആഘാതത്തിൽ നിന്ന് സംസ്ഥാനത്തെ രക്ഷിക്കാൻ സാധിക്കുകയുള്ളൂ. ഇതിന് ഒരു ബദലായിട്ടാണ് പ്രകൃതിയേയും പൊതുവിദ്യാഭ്യാസത്തേയും മലയാള ഭാഷയേയും സംരക്ഷിച്ചുകൊണ്ട് കിഫ്ബിയിലൂടെ ലൈഫ്, ആർദ്രം, ഹരിതകേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം തുടങ്ങിയ പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാർ തീരുമാനിച്ചത്. ഇ.എം.എസ്., എം.എൻ. ഭവന പദ്ധതികളുടെ തുടർച്ചയായി ഭൂമിയും വീടുമില്ലാത്തവർക്ക് അവ ലഭ്യമാക്കുകയും അടിസ്ഥാന ജനവിഭാഗത്തെ പൊതുധാരയിലേയ്ക്ക് എത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനാണ് ലൈഫ് പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. മാരകരോഗം ബാധിച്ച സാധാരണക്കാരായ ജനങ്ങളെ സ്വകാര്യ ആശുപത്രികളുടെ ചൂഷണത്തിൽ നിന്ന് വിടുതൽ ചെയ്യുന്നതിനാണ് ആർദ്രം പദ്ധതിയിലൂടെ സർക്കാർ

ശ്രമിക്കുന്നത്. മാലിന്യനിവാരണം, വിഷമുക്തമായ കാർഷിക ഉൽപ്പന്നങ്ങൾ ലഭ്യമാക്കൽ, തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ എന്നിവയിലൂടെ കേരളത്തെ സ്വയം പര്യാപ്തമാക്കാനുള്ള ശ്രമമാണ് ഹരിതകേരളം പദ്ധതി ലക്ഷ്യമിടുന്നത്. വർഗ്ഗീയവൽക്കരണത്തിൽ നിന്ന് മതേതര സമൂഹത്തെ കെട്ടിപ്പടുക്കുകയും ഉന്നത വിദ്യാഭ്യാസം സാധാരണക്കാരിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി എല്ലാ പൊതുവിദ്യാലയങ്ങളിലും സ്മാർട്ട് ക്ലാസുകൾ ആരംഭിക്കുകയും വിദ്യാലയങ്ങളെ ഹൈടെക് ആക്കി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുകയും ചെയ്യുന്നതിനുള്ള പരിശ്രമമാണ് പൊതുവിദ്യാഭ്യാസ യജ്ഞത്തിലൂടെ സർക്കാർ വിഭാവനം ചെയ്യുന്നത്. പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനും പുതിയ വ്യവസായങ്ങൾ കൊണ്ടുവരുന്നതിനും ആരോഗ്യ മേഖലയേയും വിദ്യാഭ്യാസ മേഖലയേയും വാണിജ്യവത്കരിക്കുന്ന ശ്രമങ്ങളെ എതിർത്ത് തോൽപ്പിക്കുന്നതിനുമുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സാമ്പത്തിക ഭദ്രത നിലനിർത്തിക്കൊണ്ടുതന്നെ സാമൂഹ്യക്ഷേമ പദ്ധതികൾക്ക് പ്രാധാന്യം നൽകുന്ന ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. അധിക വിഭവസമാഹരണത്തിനായി അധിക നികുതി നിർദ്ദേശങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുൾപ്പെടെ സമസ്ത മേഖലയും സ്വകാര്യവൽക്കരിക്കുന്നതിനും നവസ്വകാര്യ ബാങ്കുകളെ ഉപയോഗിച്ച് സഹകരണ

മേഖലയെ തകർക്കുന്നതിനുമുള്ള ശ്രമങ്ങളാണ് കേന്ദ്ര സർക്കാർ നടത്തുന്നത്. തകർച്ചയുടെ വക്കിൽനിന്ന് സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ ഉയർത്തുന്നതിനുള്ള ബദലായാണ് ധനവിനിയോഗ ബില്ലിനെ കാണേണ്ടത്.

ശ്രീ. പി. കെ. ബഷീർ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ജി.എസ്.ടി.-യും കിഫ്ബിയും മുന്നിൽ കണ്ടുകൊണ്ടാണ് നികുതികളില്ലാത്ത ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ബഡ്ജറ്റിന് പുറത്ത് വിഭവസമാഹരണത്തിനുള്ള മാർഗ്ഗമായാണ് കിഫ്ബി രൂപീകരിച്ചത്. കിഫ്ബിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് ധവളപത്രമിറക്കുകയും പ്രവാസി ചിട്ടി വഴി എത്രരൂപ സമാഹരിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുകയും ചെയ്യണം. കഴിഞ്ഞ സർക്കാരിന്റെ വിഴിഞ്ഞം പദ്ധതി, കൊച്ചി മെട്രോ, ലൈറ്റ് മെട്രോ പദ്ധതികളാണ് കിഫ്ബിയുടെ പ്രോജക്ടുകളായി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഈ പദ്ധതികൾക്ക് കിഫ്ബിയിലൂടെ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുന്നതോടൊപ്പം കിഫ്ബിയുടെ പദ്ധതികൾ വിലയിരുത്തുന്നതിനായി മുൻ സി.എ.ജി. ഉപദേശക കമ്മിറ്റിയുടെ വിലയിരുത്തൽ റിപ്പോർട്ട് പുറത്ത് വിടാനും സർക്കാർ തയ്യാറാകണം. ഗവൺമെന്റ് ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിക്കൊണ്ട് ഉത്തരവിറക്കിയെങ്കിലും ഏത് ഇൻഷ്വറൻസ് കമ്പനി വഴിയാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല. സ്കൂൾ

കുട്ടികളുടെ യൂണിഫോമിനുള്ള കൈത്തറി തുണി ചൈനയിൽ നിന്നും ഇറക്കുമതി ചെയ്യുന്നതാണോയെന്ന് പരിശോധിക്കണം. സ്കൂളുകളിലെ ഉയർന്ന ഫണ്ടുപിരിവും ഊരാളുങ്കൽ ലേബർ സൊസൈറ്റിക്ക് ലോൺ നൽകുന്നതിനായി കൺസോർഷ്യം രൂപീകരിച്ച നടപടിയും പരിശോധനയ്ക്ക് വിധേയമാക്കണം.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് ഫലപ്രദമായ ഇടപെടൽ നടത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിയെ അതിജീവിച്ചുകൊണ്ട് ധാരാളം റോഡുകളും പാലങ്ങളും നിർമ്മിക്കാനും ഡിസംബർ 31 വരെ കരാറുകാർക്ക് കൊടുക്കാനുണ്ടായിരുന്ന 3000 കോടി രൂപയുടെ കുടിശ്ശിക കൊടുത്തുതീർക്കാനും ഇടുക്കി, കാസർഗോഡ് ജില്ലകളിൽ പട്ടയ വിതരണം നടത്താനും സാധിച്ചിട്ടുണ്ട്. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിനുള്ള അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തണം. തകർച്ച നേരിടുന്ന വ്യവസായ മേഖലയെ പുരോഗതിയിലേയ്ക്ക് നയിക്കാനും പതിമൂന്നോളം പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാനും കഴിഞ്ഞത് സർക്കാരിന്റെ നേട്ടമാണ്. പൂട്ടിക്കിടക്കുന്ന ടെക്സ്റ്റൈൽ മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്.

ശ്രീ. കെ. എം. മാണി: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. കർഷകത്തൊഴിലാളി പെൻഷൻ നൽകുന്നതിനും പ്ലാന്റേഷൻ ടാക്സും കാർഷിക വരുമാനത്തിന്മേലുള്ള ആദായ നികുതിയും എടുത്തുകളയുന്നതിനും റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിലസ്ഥിരതാ ഫണ്ട് ഏർപ്പെടുത്തുന്നതിനും വളത്തിന് കേന്ദ്ര സബ്സിഡി പിൻവലിച്ചപ്പോൾ വാറ്റ് ഒഴിവാക്കിക്കൊടുക്കുന്നതിനും മന്ത്രിയായിരിക്കെ തീരുമാനമെടുക്കാൻ കഴിഞ്ഞതിൽ തികഞ്ഞ സംതൃപ്തിയുണ്ട്. മാസങ്ങളായി മുടങ്ങിക്കിടക്കുന്ന നെല്ലിന്റെ സംഭരണവില കൊടുത്തുതീർക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. റിസർവ് ബാങ്കിന്റെ അനുമതിയില്ലാതെ കിഫ്ബി വഴിയുള്ള വികസന പ്രവർത്തനങ്ങൾ പ്രഖ്യാപിച്ചത് ശരിയായ നടപടിയല്ല. സ്കൂളുകൾ ഹൈടെക് ആക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി പ്രയോജനപ്പെടുത്താൻ സർക്കാർ തയ്യാറാകണം. വ്യാപാരി-വ്യവസായികളുടെ ആശങ്കകൾ പരിഹരിച്ചുകൊണ്ട് ജി.എസ്.ടി. നടപ്പാക്കണം.

ശ്രീ. കെ. ദാസൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഭരണരംഗത്ത് ഒരു വർഷം കൊണ്ട് വലിയ മാറ്റങ്ങൾ സംഭാവന ചെയ്യാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. സർക്കാരിന്റെ നേട്ടങ്ങളെ വിദേശമാധ്യമങ്ങൾ പ്രകീർത്തിച്ചത് അഭിമാനകരമാണ്. ഇതര സംസ്ഥാനത്തൊഴിലാളികൾക്ക്

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിനും കൊച്ചി മെട്രോയിൽ ട്രാൻസ്ജെന്റർ വിഭാഗത്തിന് നിയമനം നൽകുന്നതിനും സ്വീകരിച്ച നടപടി പ്രശംസനീയമാണ്. സാധാരണക്കാരുടെ ജീവിത നിലവാരമുയർത്തുന്നതിനും കശുവണ്ടിത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും കാര്യക്ഷമമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. സ്കൂൾ കുട്ടികൾക്ക് സൗജന്യമായി കൈത്തറി യൂണിഫോം നൽകാനുള്ള സർക്കാർ തീരുമാനം കൈത്തറി മേഖലയ്ക്ക് ഉണർവേകിയിരിക്കുകയാണ്. കയറുല്പന്നങ്ങൾക്ക് പുതിയ വിപണി കണ്ടെത്തിക്കൊണ്ട് കയർത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനും കയർ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്. തീരദേശ മേഖലയിൽ ധാരാളം വികസന പ്രവർത്തനങ്ങൾ നടത്താൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യാൻ സാധിച്ചതും മാവേലി സ്റ്റോറുകളും നീതി സ്റ്റോറുകളും കുറ്റമറ്റതായി പ്രവർത്തിപ്പിക്കാൻ കഴിഞ്ഞതും ഗവൺമെന്റിന്റെ ശ്രദ്ധേയമായ നേട്ടമാണ്.

ശ്രീ. പി. സി. ജോർജ് : തൃശ്ശൂർ പാലിയേക്കര ടോളിൽ നിയമം കാറ്റിൽ പറത്തിക്കൊണ്ട് ജനങ്ങളെ കൊള്ളയടിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. രോഗികളുമായി വരുന്ന ആംബുലൻസ്പോലും പിടിച്ചുനിർത്തി പണം പിരിക്കുന്നവരോട് ശക്തമായി പ്രതികരിക്കാനുള്ള ബാധ്യത സർക്കാരിനുണ്ട്.

ആയതിനാൽ ടോൾ പിരിവ് അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. എ. എൻ ഷംസീർ : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സമസ്ത മേഖലയിലും ജനക്ഷേമ പ്രവർത്തനങ്ങളുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഹരിതകേരളം, പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം, ആർദ്രം, ലൈഫ് മിഷൻ എന്നീ പദ്ധതികളിലൂടെ വിദ്യാഭ്യാസ-ആരോഗ്യ-ഭവന രംഗങ്ങളിൽ വമ്പിച്ച നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 48 ലക്ഷം ആളുകൾക്ക് സാമൂഹ്യ ക്ഷേമ പെൻഷൻ കൊടുക്കാൻ സാധിച്ചതും ട്രാൻസ്ജെൻഡേഴ്സിന് 50,000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചതും ഗെയിൽ പദ്ധതി മുന്നോട്ടുകൊണ്ടു പോകാൻ സാധിച്ചതും ദേശീയ പാത വികസിപ്പിക്കാനുള്ള നടപടി സ്വീകരിച്ചതും പ്രശംസനീയമാണ്.

ശ്രീ. മുരളി പെരുനെല്ലി: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഭരണകാലഘട്ടത്തിൽ ഉത്പാദന മേഖല സ്തംഭനാവസ്ഥയിലായിരുന്നു. ഈ ഗവൺമെന്റ് ആസൂത്രണപ്രക്രിയ ശക്തിപ്പെടുത്തുകയും വികസന രംഗത്ത് പുത്തൻ വിസ്മയങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. പൊതുഭരണ നിർവ്വഹണത്തിലും സാമൂഹിക വികസന സൂചികയിലും ഒന്നാമതെത്താനും വിദ്യാഭ്യാസ-ആരോഗ്യ-ശിശു സംരക്ഷണ സൂചികയിൽ ലോകരാജ്യങ്ങൾക്കൊപ്പം നിൽക്കാൻ കഴിഞ്ഞതും ഗവൺമെന്റിന്റെ നേട്ടമാണ്. ഗുണ്ടാ-മാഫിയാ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാനും

ക്രമസമാധാന നില ഭദ്രമാക്കാനും സ്ത്രീ സുരക്ഷ ഉറപ്പുവരുത്താനും ആന്റി നർക്കോട്ടിക് സെൽ ശക്തിപ്പെടുത്താനും കഴിഞ്ഞു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനുള്ള ഇടപെടലുകൾ നടത്തുന്നത് ഗവൺമെന്റിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നു. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയതും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പ്രഖ്യാപിച്ചതും ആർദ്രം പദ്ധതി ആവിഷ്കരിച്ചതും അഭിനന്ദനാർഹമാണ്. കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും പൊതുമരാമത്ത് വകുപ്പ് അഴിമതി വിമുക്തമാക്കുന്നതിനും നടപടി സ്വീകരിച്ചു. ജനോപകാരപ്രദമായ നടപടികളുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. നികുതിഭാരം വർദ്ധിപ്പിക്കാതെ നികുതിയേതര മാർഗ്ഗങ്ങളിലൂടെ വിഭവ സമാഹരണം നടത്തി അടിസ്ഥാന വികസനം സാധ്യമാക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. കിഫ്ബിയിലൂടെ 182 റോഡുകളുടെ വികസനത്തിന് 5,628 കോടി രൂപയും 69 പാലങ്ങളുടെ നിർമ്മാണത്തിനായി 2557 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. യു.ഡി.എഫ്. സർക്കാർ സംസ്ഥാന വികസനത്തെ പെരുവഴിയിലാക്കുകയും നികുതികൾ വർദ്ധിപ്പിച്ച് ജനജീവിതം ദുഃസ്സഹമാക്കുകയുമാണ് ചെയ്തത്. മലയോര-തീരദേശ ഹൈവേകളുടെ വികസനത്തിന് പദ്ധതി ആവിഷ്കരിച്ചതും ഹരിതകേരളം മിഷനിലുൾപ്പെടുത്തി ശുചിത്വ പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചതും സമ്പൂർണ്ണ

പാർപ്പിട പദ്ധതി പ്രഖ്യാപിച്ചതും തരിശുഭൂമിയിൽ കൃഷിയിറക്കാനും സ്കൂൾ വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം നൽകാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. ലോകത്തിനുതന്നെ മാതൃകയായ വ്യവസായ നയം പ്രഖ്യാപിക്കാൻ കഴിഞ്ഞത് ശ്രദ്ധേയമായ നേട്ടമാണ്. ക്ഷേമ പെൻഷനുകൾക്കും കരാർ ജോലികൾക്കും നൽകാനുണ്ടായിരുന്ന കുടിശ്ശിക കൊടുത്തു തീർക്കുകയും ട്രഷറി നിയന്ത്രണം ഏർപ്പെടുത്താതിരിക്കുകയും ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും പെൻഷനും വിതരണം ചെയ്യുകയും ചെയ്തു. പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിന് തുക വകയിരുത്തുകയും വ്യവസായ മേഖലകൾക്ക് ആവശ്യമായ പരിഗണന നൽകുകയും ചെയ്തിട്ടുണ്ട്. സാധാരണക്കാർക്ക് ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കാനും പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിച്ച് പുതിയ വ്യവസായങ്ങളുണ്ടാക്കാനും ഐ.ടി. അനുബന്ധ ജൈവ സാങ്കേതിക വ്യവസായങ്ങളുടെ വികസനത്തിനും ബഡ്ജറ്റ് നിർദ്ദേശങ്ങൾ സഹായകരമാണ്. താലൂക്ക്-ജില്ലാ-ജനറൽ-മെഡിക്കൽ കോളേജ് ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾക്ക് തുല്യമാക്കുന്നതിനുള്ള നിർദ്ദേശവും രോഗ പ്രതിരോധം ഉറപ്പാക്കുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സജ്ജമാക്കാനുള്ള നീക്കവും പ്രശംസനീയമാണ്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ കാർഗോ യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള ടെണ്ടറിൽ സംസ്ഥാന പൊതുമേഖലാ

സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിനെ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സേവന മേഖലയിൽ ജി.എസ്.ടി. നടപ്പിലാക്കുന്നതോടുകൂടി നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കും. സംസ്ഥാനത്തെ ധനപ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നില്ല. വിഭവങ്ങളുടെ പിൻബലമില്ലാതെയാണ് കിഫ്ബി വഴി പണം സമാഹരിച്ച് വികസന പദ്ധതികൾ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നത്. കമ്മിയും പൊതുകടവും വർദ്ധിച്ചിരിക്കുകയാണ്. സുസ്ഥിര നഗരവികസന പദ്ധതികൾക്കായി ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്നുമെടുത്ത വായ്പ പൂർണ്ണമായും വിനിയോഗിക്കുന്നതിനോ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനോ സാധിച്ചിട്ടില്ല. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിന്മേൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നതായി സി. ആന്റ് എ.ജി. ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. വിനോദസഞ്ചാര മേഖലയ്ക്ക് വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കാൻ സാധിച്ചിട്ടില്ല. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശോചനീയാവസ്ഥമൂലം വിദേശ വിനോദസഞ്ചാരികൾ കേരളത്തെ ഒഴിവാക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റ് പ്രൊപ്പോസലിലുള്ളതും സംസ്ഥാനത്ത്

നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളെ ബഡ്ജറ്റിൽ ഒഴിവാക്കിയിരിക്കുകയാണ്. കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ തുടർ പ്രവൃത്തികൾക്കാവശ്യമായ നടപടി സ്വീകരിക്കണം. സ്റ്റാമ്പ് വെണ്ടർമാർക്ക് ഇ-സ്റ്റാമ്പിംഗിൽ പരിശീലനം നൽകണം. സർക്കാർ ഓഫീസുകളിൽ നിന്ന് ജനങ്ങൾക്ക് സൗജന്യമായി ലഭിച്ചിരുന്ന സർട്ടിഫിക്കറ്റുകൾ അക്ഷയ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്നതിന് അമിത ഫീസ് ഈടാക്കുകയാണ്. ഹയർ സെക്കണ്ടറി മേഖലകളിൽ അദ്ധ്യാപക തസ്തിക നിർണ്ണയവും കോളേജുകളിൽ പോസ്റ്റ് ക്രിയേഷൻ നടത്താത്തതും വിദ്യാഭ്യാസ മേഖലയെ പരിതാപകരമായ അവസ്ഥയിലേയ്ക്ക് കൊണ്ടുപോകുകയാണ്. ജി.എസ്.ടി. ഏർപ്പെടുത്തുമ്പോൾ ടാക്സ് വരുമാനത്തിലുണ്ടാകുന്ന മാറ്റങ്ങളെ സംബന്ധിച്ച് വ്യക്തമാക്കണം.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും സമയബന്ധിതമായി പാഠപുസ്തകം വിതരണം ചെയ്യുന്നതിനും പദ്ധതികൾ ആരംഭിച്ചു. ഒന്നു മുതൽ അഞ്ചാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് സൗജന്യ കൈത്തറി യൂണിഫോം നൽകുകയും സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ ഇൻഷ്വറൻസ് പദ്ധതിയും രക്ഷിതാക്കൾ മരണപ്പെടുന്ന കുട്ടികൾക്ക് 25,000 രൂപ സ്ഥിരനിക്ഷേപമായി നൽകുന്ന പദ്ധതിയും ആരംഭിച്ചു. 10-ാം ക്ലാസ് വരെ മലയാള പഠനം

നിർബന്ധമാക്കുന്നതിനുവേണ്ടി മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ കൊണ്ടുവന്നത് അഭിനന്ദനാർഹമാണ്. ഔദ്യോഗിക ഭാഷയായി മലയാളം ഉപയോഗിക്കുന്നതിലെ കുറവുകൾ സംബന്ധിച്ച് സമഗ്ര പരിശോധന നടത്തുന്നതിനും മലയാള ഭാഷ ശക്തമായി പ്രചരിപ്പിക്കുന്നതിനും സൗജന്യമായി സംപ്രേഷണം ചെയ്യുന്ന ഭാഷാ ചാനലുകളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. പോലീസ് സേനയെ നവീകരിക്കാനായി 30 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതും എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും സി.യു.ജി. കാർഡുകൾ ഏർപ്പെടുത്തിയതും സ്ത്രീ സൗഹൃദ പോലീസിനെ നിയോഗിച്ചതും ചെറുപട്ടണങ്ങളിൽ പോലും കൺട്രോൾ റൂമുകൾ ആരംഭിച്ചതും അഭിനന്ദനാർഹമാണ്. പ്രവാസിക്ഷേമ പദ്ധതി ഫലപ്രദമായി നടപ്പിലാക്കാനും പ്രവാസി പെൻഷൻ മൂന്നിരട്ടിയായി വർദ്ധിപ്പിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. കണ്ണൂർ വിമാനത്താവളം, കൊച്ചി മെട്രോ, ഗെയിൽ പൈപ്പ് ലൈൻ, വിഴിഞ്ഞം തുറമുഖം എന്നീ വൻകിട പദ്ധതികൾ നല്ല നിലയിൽ പുരോഗമിക്കുകയാണ്. ഇടുക്കി ജില്ലയിൽ 5500 പേർക്ക് പട്ടയം നൽകാൻ സാധിച്ചതും പട്ടികജാതി/ പട്ടികവർഗ്ഗക്ഷേമത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയതും പട്ടികജാതി ഭവന പദ്ധതിക്കായി 16,363/- രൂപ അനുവദിച്ചതും അഭിനന്ദനാർഹമാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കഴിഞ്ഞ

വർഷം പാസ്സാക്കിയ ബഡ്ജറ്റിലെ ധനവിനിയോഗം എത്രമാത്രം നടപ്പിലാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കണം. ബഡ്ജറ്റിൽ കിഫ്ബി വഴി 40,000/- കോടി രൂപ ചെലവാക്കുമെന്ന് പറഞ്ഞെങ്കിലും പുതിയതായി തുക സമാഹരിക്കാനോ ചെലവഴിക്കാനോ സാധിച്ചിട്ടില്ല. ബഡ്ജറ്റിതര ഫണ്ടിംഗ് ഉണ്ടെങ്കിൽ മാത്രമേ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ. സംസ്ഥാന വരുമാനത്തിന്റെ 90 ശതമാനവും ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്കാണ് വിനിയോഗിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ അഴിമതികൾ പുറത്തുകൊണ്ടുവരുന്നതിന് ആദ്യ ക്യാബിനറ്റിൽത്തന്നെ സർക്കാർ തീരുമാനമെടുക്കുകയും അതിനായി ചുമതലപ്പെടുത്തിയ ഉപസമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ റിപ്പോർട്ടിലെ പ്രധാന വിവരങ്ങൾ വെളിപ്പെടുത്തേണ്ടതായിരുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാര്യക്ഷമമായ ഇടപെടൽ കൊണ്ടാണ് കരമന-കളിയിക്കാവിള റോഡിന്റെ നിർമ്മാണം യാഥാർത്ഥ്യമാക്കാൻ സാധിച്ചത്. നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ച ഇന്നത്തെ സാഹചര്യം കണക്കിലെടുത്ത് വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സാധന സാമഗ്രികൾ എത്തിക്കാൻ നടപടി സ്വീകരിക്കണം. യു.ഡി.എഫ്. സർക്കാർ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി മൂന്ന് കോളേജുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു. കോട്ടയം ജില്ലയിലെ അമരയിൽ പി.ആർ.ഡി.എസ്.-കാർക്ക് കൊടുത്ത

കോളേജിന് കഴിഞ്ഞ ഗവൺമെന്റ് നൽകാൻ തീരുമാനിച്ച തുകയ്ക്കുപുറമേ ഒരു കോടി രൂപ കൂടി നൽകുന്നതിന് സർക്കാർ തയ്യാറാകണം. എം.ബി.ബി.എസ്.-ന് ഫീസ് വർദ്ധിപ്പിച്ചാലുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് സർക്കാർ ഇക്കാര്യത്തിൽ ഇടപെടണം. യു.ഡി.എഫ്. ഭരണകാലത്ത് അഞ്ചുവർഷംകൊണ്ട് 47000 രൂപയാണ് ഗവൺമെന്റ് മെരിറ്റ് സീറ്റിൽ ഫീസ് വർദ്ധിപ്പിച്ചതെങ്കിൽ ഈ ഗവൺമെന്റ് ഒരുവർഷം കൊണ്ട് 65000 രൂപയാണ് ഒറ്റയടിക്ക് വർദ്ധിപ്പിച്ചത്. ഗവൺമെന്റ് ക്വാട്ടയിൽ സീറ്റ് ലഭിച്ചവർക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്താൻപോലും തയ്യാറാകാത്തത് ഖേദകരമാണ്. സൗദി അറേബ്യയിൽ പൊതുമാപ്പ് പ്രഖ്യാപിച്ച വിവരം സംസ്ഥാന ഗവൺമെന്റും നോർക്ക വകുപ്പും അറിയാത്തത് ദൗർഭാഗ്യകരമാണ്. വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെയും യു.ഡി.എഫ്. ഗവൺമെന്റിന്റെയും കാലത്തെ ടെണ്ടർ നടപടികൾ പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളണം. രാഷ്ട്രീയ കൊലപാതകങ്ങളും കലാലയ രാഷ്ട്രീയ അക്രമങ്ങളും അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ഒരു വർഷംകൊണ്ട് അമ്പതിനായിരം കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ പ്രഖ്യാപിക്കുകയും പതിനയ്യായിരം കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്ക്

ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തു. 6000 കോടി രൂപയുടെ ഇലക്ട്രിസിറ്റി ട്രാൻസ്മിഷൻ ഗ്രിഡിനുള്ള പ്രോജക്ട് അംഗീകരിച്ച് പണം കൈമാറാൻ തീരുമാനിച്ചിരിക്കുകയാണ്. ഇന്നവേറ്റീവ് ഫിനാൻഷ്യൽ മെത്തേഡ് ഉപയോഗിച്ചുള്ള റിസോഴ്സ് മൊബിലൈസേഷനാണ് കെ.എസ്.എഫ്.ഇ. വഴി നടപ്പാക്കുന്നത്. പ്ലാൻ ഫണ്ടിന്റെ 29 ശതമാനം മാത്രം ചെലവഴിച്ചതുകൊണ്ടാണ് ഇപ്രാവശ്യത്തെ ബഡ്ജറ്റ് മാർച്ചിൽത്തന്നെ അവതരിപ്പിച്ചതും അഞ്ചിലൊന്ന് പദ്ധതികൾക്ക് മുൻകൂട്ടി എ.എസ്. കൊടുത്ത് ഏപ്രിൽ ഒന്നുമുതൽ നടപ്പാക്കാൻ തീരുമാനിച്ചതും. സാമ്പത്തിക വർഷത്തിന്റെ ആദ്യമാസം തന്നെ പ്ലാൻ നടത്തിപ്പ് സംബന്ധിച്ച് റിവ്യൂ നടത്താൻ സാധിച്ചു. ഒരു വർഷത്തിനുള്ളിൽ ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലുണ്ടായ മാറ്റം കാണാതെ പോകരുത്. ഇൻവെസ്റ്റ്മെന്റ് പാക്കേജ് യാഥാർത്ഥ്യമായാൽ ടെർഷ്യറി സെക്ടറിൽ ലൈഫ് സ്റ്റൈൽ ഡിസീസിന് മുഴുവൻ ചികിത്സാ സൗകര്യവും ലഭ്യമാകും. ഭിന്നശേഷിക്കാർക്കുള്ള പദ്ധതികൾ, ക്ഷേമ പെൻഷനുകൾ, ലൈഫ് സ്കീം തുടങ്ങിയ പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുന്നതിനും എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനും സാധിച്ചു. കൈത്തറി, കയർ, കശുവണ്ടി മേഖലകളിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. ടെക്സ്റ്റൈൽ മേഖലയെ പുനരുദ്ധരിക്കുന്നതിന് അർഹമായ തുക

വകയിരുത്തിക്കൊണ്ട് പുതിയ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കാനാണ് ശ്രമിക്കുന്നത്. കശുവണ്ടി വാങ്ങുന്നതിന് സിയാൽ മാതൃകയിൽ പ്രത്യേക കമ്പനി രൂപീകരിക്കും. കോ-ഓപ്പറേറ്റീവ് ബാങ്കുകളെ രണ്ടുതട്ട് സംവിധാനത്തിലാക്കാനാണ് ശ്രമിക്കുന്നത്. ടെണ്ടർ നടപടികളിലൂടെ മാത്രമേ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് കമ്പനികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുള്ളൂ. ഈ വർഷത്തെ ബഡ്ജറ്റിൽ കാർഷിക മേഖലയിലെ പദ്ധതി അടങ്കൽ തുകയിൽ മുപ്പത്തിയഞ്ച് ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്. റബ്ബർ കർഷകരുടെ കുടിശ്ശിക പൂർണ്ണമായും നൽകുന്നതിനും വിപണി വിലയേക്കാൾ കൂടുതൽ തുക നൽകി റബ്ബർ സംഭരണം നടത്തുന്നതിനും കേന്ദ്ര വിഹിതം ലഭിക്കുന്ന മുറയ്ക്ക് നെല്ല് സംഭരണ വില പലിശ സഹിതം കർഷകർക്ക് നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട കാലതാമസം ഒഴിവാക്കുന്നത് സംബന്ധിച്ച് ഉടൻ യോഗം ചേരുന്നതാണ്. നെല്ല് സംഭരിച്ച് ഒരാഴ്ചയ്ക്കുള്ളിൽ തുക നൽകുന്നതിനുള്ള നടപടി അടുത്ത സീസൺ മുതൽ സ്വീകരിക്കുന്നതാണ്. കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് നടത്തിയ ഭൂമി ഇടപാടുകളെക്കുറിച്ചുള്ള പരിശോധനാ നടപടികൾ അവസാന ഘട്ടത്തിലാണ്. അതുസംബന്ധിച്ചുള്ള തീരുമാനം എത്രയുംവേഗം കൈക്കൊള്ളുന്നതാണ്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2017-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2017-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

2017-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 38 -നെതിരെ 78 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ

## എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. അടൂർ പ്രകാശ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മദ്രാസ് പ്രവിശ്യയുടെ ഭാഗമായിരുന്ന മലബാറിലെ ക്ഷേത്രങ്ങൾക്കുകൂടി ബാധകമാകുന്ന വിധത്തിൽ മദ്രാസ് നിയമസഭ നിയമനിർമ്മാണം നടത്തുകയും 1949-ൽ ഭേദഗതി കൊണ്ടുവരികയും 1951-ൽ മദ്രാസ് ഹിന്ദുമത ചാരിറ്റബിൾ എൻഡോവ്മെന്റ് നിയമം പാസ്സാക്കുകയുമാണ് ചെയ്തത്. 1971-ലെ പ്രൈവറ്റ് ഫോറസ്റ്റ് അസൈൻമെന്റ് നിയമം നിലവിൽ വന്നതോടുകൂടി മലബാറിലെ ക്ഷേത്ര ഭൂമി സർക്കാരിൽ നിക്ഷിപ്തമാകുകയും ക്ഷേത്രങ്ങളുടെ നിത്യനിദാന ചെലവുകൾക്കുള്ള വരുമാനം നഷ്ടമാകുകയും ക്ഷേത്ര ജീവനക്കാരുടെ ജീവിതം പരിതാപകരമാകുകയും ചെയ്തു. 2006-2011 കാലയളവിലാണ് മലബാർ ദേവസ്വം ബോർഡ് പ്രാവർത്തികമാക്കുന്നതിനുള്ള

നിയമം പാസ്സാക്കിയത്. ഏകദേശം 1400-ഓളം ക്ഷേത്രങ്ങൾ മലബാർ ദേവസ്വം ബോർഡിന് കീഴിലുണ്ട്. ഈ ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ടുപോയ ഭൂമി വീണ്ടെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കണം. നിലവിലുണ്ടായിരുന്ന ഏരിയാ കമ്മിറ്റികളെ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി നിയമം ഓർഡിനൻസിലൂടെ കൊണ്ടുവന്നിരിക്കുന്നത്. കാലാവധി അവസാനിക്കാൻ മാസങ്ങൾ മാത്രം അവശേഷിക്കെ ഏരിയാ കമ്മിറ്റികൾ ഇല്ലായ്മ ചെയ്യാനുള്ള നടപടി ഇഷ്ടമുള്ളവരെ തിരുകിക്കയറ്റാനുള്ള ഈ സർക്കാരിന്റെ മനോഭാവമാണ് വ്യക്തമാക്കുന്നത്. ഏരിയാ കമ്മിറ്റിയിൽ 7 അംഗങ്ങളാണുള്ളത്. 2008-ലാണ് മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിനും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനുമുള്ള ഭേദഗതികൾ കൊണ്ടുവന്നത്. ഗവൺമെന്റ് വളരെ ലാഘവത്തോടുകൂടിയാണ് ഈ നിയമനിർമ്മാണത്തെ കാണുന്നത്. മൂലനിയമത്തിന്റെ 12(1)B പ്രകാരം ഏരിയാ കമ്മിറ്റികൾ പിരിച്ചുവിടുന്നതിനുമുമ്പ് അവർക്ക് ന്യായമായ കാരണം കാണിക്കൽ നോട്ടീസ് നൽകണമെന്നിരിക്കെ അത്തരം നടപടിയൊന്നും സ്വീകരിക്കാതെയാണ് ബിൽ പാസ്സാക്കാനുള്ള തീരുമാനമെടുത്തിരിക്കുന്നത്.

ശ്രീ. എം. ഉമ്മർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മലബാർ ദേവസ്വത്തിന് കീഴിൽ 1339 ക്ഷേത്രങ്ങളും വിവിധ ഗ്രേഡുകളിലായി 6000-ത്തോളം

ജീവനക്കാരുമാണുള്ളത്. സ്വയാർജ്ജിത വരുമാനമുള്ള ക്ഷേത്രങ്ങളൊഴിച്ച് മറ്റ് ക്ഷേത്രങ്ങളുടെയും ജീവനക്കാരുടെയും സ്ഥിതി ദയനീയമാണ്. സ്വകാര്യ താല്പര്യ സംരക്ഷണത്തിനായി ഭേദഗതി കൊണ്ടുവരുന്നതിനുപകരം മലബാറിലെ ക്ഷേത്രങ്ങളുടെയും ജീവനക്കാരുടെയും അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാനും ക്ഷേത്രങ്ങളുടെ ഉടമസ്ഥാവകാശം കണക്കാക്കാതെ ഏകീകൃത സ്വഭാവത്തോടുകൂടിയ ബോർഡാക്കുന്നതിനുള്ള സമഗ്രമായ നിയമനിർമ്മാണമാണ് നടത്തേണ്ടത്. തിരുക്കൊച്ചി-തിരുവിതാംകൂർ ദേവസ്വങ്ങൾക്ക് ലഭിക്കുന്ന ഭരണഘടനാപരമായ പരിരക്ഷ മലബാറിലെ ക്ഷേത്രങ്ങൾക്ക് ലഭിക്കുന്നില്ലെന്നത് വസ്തുതയാണ്. ഉത്തര മലബാറിലെ ആചാരസ്ഥാനീയർക്കും കോലധാരികൾക്കും പ്രതിമാസം നൽകുന്ന ധനസഹായം വർദ്ധിപ്പിക്കാനും മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങൾക്ക് നൽകുന്ന ആശ്വാസ ധനസഹായ തുക വർദ്ധിപ്പിക്കാനും തയ്യാറാകണം. ഉടമസ്ഥാവകാശ പ്രശ്നങ്ങളുള്ളതും അന്യാധീനപ്പെട്ടതുമായ ക്ഷേത്രങ്ങളും ക്ഷേത്രഭൂമിയും തിരിച്ചു പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ക്ഷേത്രക്കുളങ്ങളും പൊതുകുളങ്ങളും സംരക്ഷിക്കുന്നതിന് എം.എൽ.എ./ആസ്തി വികസന ഫണ്ട് ഉപയോഗിക്കുന്നതിനുള്ള അനുവാദം നൽകണം. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. ദിവാകരൻ</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഓരോ പ്രാദേശിക കമ്മിറ്റിയിലേയ്ക്കും സർക്കാർ ഏഴ് അംഗങ്ങളെ വീതം നാമനിർദ്ദേശം ചെയ്യുമ്പോൾ സാമൂഹ്യനീതി ഉറപ്പാക്കണമെന്നാണ് ബില്ലിൽ പരാമർശിച്ചിരിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും ഓരോ അംഗങ്ങളെ വീതം പ്രാദേശിക കമ്മിറ്റിയിലേയ്ക്ക് നാമനിർദ്ദേശം ചെയ്തിരുന്ന സ്ഥാനത്ത് ഇപ്പോൾ രണ്ടു വിഭാഗത്തിനുംകൂടി ഒരു അംഗം മാത്രമേയുള്ളൂവെന്നത് പുന:പരിശോധനയ്ക്ക് വിധേയമാക്കണം. മലബാർ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനവും സർവ്വീസ് ആനുകൂല്യങ്ങളും നൽകുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ഐ. സി. ബാലകൃഷ്ണനുവേണ്ടി <u>ശ്രീ. വി. ഡി. സതീശൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇപ്പോഴത്തെ ഭേദഗതി കൊണ്ട് നിലവിലുള്ള നിയമത്തിൽ ഘടനാപരമായ വ്യത്യാസമുണ്ടാകുന്നില്ലെങ്കിലും ഏരിയ കമ്മിറ്റിയംഗങ്ങളുടെ കാര്യത്തിൽ ചെറിയ വ്യത്യാസം വരുത്തി നിലവിലുള്ള

കമ്മിറ്റികളെ പിരിച്ചുവിടാനുള്ള ക്ലോസ് കൊണ്ടുവന്നിരിക്കുകയാണ്. മലബാർ ദേവസ്വം ബോർഡിന്റെ കാര്യത്തിൽ കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് ഏരിയ കമ്മിറ്റികളെ പിരിച്ചുവിടുന്ന നിലപാട് നാളിതുവരെ ഒരു സർക്കാരും സ്വീകരിച്ചിട്ടില്ല. 2017 ഫെബ്രുവരി 2-ന് ഓർഡിനൻസ് നിലവിൽ വന്നതോടുകൂടി എല്ലാ ഏരിയ കമ്മിറ്റികളും ട്രസ്റ്റി ബോർഡുകളും പിരിച്ചുവിടപ്പെട്ടിരിക്കുകയാണ്. അമ്പലങ്ങളിൽ ഉത്സവം നടക്കുന്ന കാലയളവിലുണ്ടായ ഈ നടപടിയോടെ ക്ഷേത്രഭരണം സ്തംഭിച്ചിരിക്കുകയാണ്. ഏരിയ കമ്മിറ്റികൾ നിലവിലില്ലാത്തതിനാൽ ക്ഷേത്രങ്ങളുടെ പ്ലാനും എസ്റ്റിമേറ്റും ഭരണപരമായ കാര്യങ്ങളും തയ്യാറാക്കി ബഡ്ജറ്റിന് മുമ്പ് ദേവസ്വം ബോർഡിന് നൽകാൻ കഴിയാത്ത സാഹചര്യം സംജാതമായിരിക്കുകയാണ്. വളരെ കുറച്ച് ജീവനക്കാർ മാത്രമുള്ള മലബാർ ദേവസ്വം ബോർഡിന് ക്ഷേത്രങ്ങളിലെ ഭരണനിർവ്വഹണത്തിന് ജീവനക്കാരെ അയയ്ക്കാൻ കഴിയാത്ത സാഹചര്യംമൂലം പ്രശ്നം കൂടുതൽ സങ്കീർണ്ണമാകുകയാണ്. ക്ഷേത്ര വിശ്വാസത്തിന്റെ പേരിൽ വർഗ്ഗീയത പ്രചരിപ്പിക്കുന്ന സംഘപരിവാർ സംഘടനകളുടെ ദുഷ്പ്രചരണങ്ങൾക്ക് ഇത്തരം കാര്യങ്ങൾ ശക്തി പകരുമെന്നതിനാൽ സർക്കാർ കുറച്ചുകൂടി സൂക്ഷ്മത കാണിക്കണം. നോമിനേറ്റ് ചെയ്യുന്ന 'മറ്റ് നാല് അംഗങ്ങൾ' ക്ഷേത്രാചാരങ്ങളിൽ വിശ്വസിക്കുന്നവരായിരിക്കണം. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിൽ മതിയായ ജീവനക്കാരെ

നിയമിക്കുന്നതിനും മാന്യമായ വേതനം നൽകുന്നതിനും മറ്റ് ദേവസ്വം ബോർഡുകളിലുള്ളതുപോലെ കോമൺ ഫണ്ടുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ ഗൗരവത്തോടുകൂടി കാണുന്നതാണ്. 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്ടിലെ സെക്ഷൻ 12 പ്രകാരം മലബാർ ദേവസ്വം ബോർഡിനു കീഴിൽ കാസർഗോഡ്, തലശ്ശേരി, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ഡിവിഷനുകളിലായി അഞ്ച് ഏരിയ കമ്മിറ്റികളുണ്ട്. 2008-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ഭേദഗതി നിർദ്ദേശത്തിൽ ഏരിയ കമ്മിറ്റിയുടെ ഘടനയിൽ ഹിന്ദു തത്വജ്ഞാനി, സാമൂഹ്യ പരിഷ്കർത്താവ്, ഉപദേശക സമിതി പ്രതിനിധി, പട്ടികജാതി/പട്ടികവർഗ്ഗ സമുദായ പ്രതിനിധി, വനിതാ പ്രതിനിധി എന്നിവരും മറ്റുള്ളവരിൽ നിന്ന് രണ്ട് പ്രതിനിധികളുൾപ്പെടെ 7 അംഗങ്ങളായിരുന്നു ഉണ്ടായിരുന്നത്. തുടർന്നുവന്ന യു.ഡി.എഫ്. സർക്കാർ 10.11.2012-ലെ 59 -ാം നമ്പർ ഓർഡിനൻസിലൂടെ ഏരിയ കമ്മിറ്റികൾക്ക് ഉണ്ടായിരുന്ന പങ്കാളിത്തം ഒഴിവാക്കി. ഓരോ പ്രാദേശിക കമ്മിറ്റിയിലും സർക്കാർ നിയമിക്കുന്ന ഏഴ് അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണെന്ന ഒറ്റ വാചകത്തിൽ

ഭേദഗതി നിയമം കൊണ്ടുവരികയും കമ്മിറ്റികളുടെ കാലാവധി മൂന്നു കൊല്ലത്തിൽ നിന്നും രണ്ടു കൊല്ലമായി കുറയ്ക്കുകയും ചെയ്തു. മലബാർ ദേവസ്വം ബോർഡിന്റെ ചുമതലയിലുള്ള ക്ഷേത്രങ്ങളിൽ സെക്ഷൻ 39 പ്രകാരം നിയമിക്കപ്പെടുന്ന പാരമ്പര്യേതര ട്രസ്റ്റിമാരുടെ കാലാവധി നിലവിലുള്ള അഞ്ചുവർഷമെന്നത് രണ്ടു വർഷമായി കുറയ്ക്കുകയും നിലവിലുണ്ടായിരുന്ന എല്ലാ ഏരിയ കമ്മിറ്റികളെയും പാരമ്പര്യേതര ട്രസ്റ്റിമാരെയും പിരിച്ചുവിടുകയും 3-12-2014- ൽ പുതുക്കിയ ഭേദഗതി നിയമം നിലവിൽ വരികയും ചെയ്തു. യു.ഡി.എഫ്. ഭരണകാലത്ത് നിയമിക്കപ്പെട്ട ഏരിയ കമ്മിറ്റികളും പാരമ്പര്യേതര ട്രസ്റ്റികളും നാളിതുവരെ തുടർന്നു വരികയായിരുന്നു. എന്നാൽ ആ കമ്മിറ്റികൾക്ക് വേണ്ട രീതിയിൽ പ്രാതിനിധ്യമില്ലെന്ന് ബോദ്ധ്യപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് 2008-ലെ 30-ാം ഭേദഗതി പ്രകാരം നിലവിലുണ്ടായിരുന്നതിൽ നിന്നും ചെറിയ ഭേദഗതികൾ വരുത്തിക്കൊണ്ട് കാലാവധി നാലു വർഷമാക്കിയത്. അംഗസംഖ്യയിൽ യാതൊരു മാറ്റവും വരുത്താതെയും ഘടനയിൽ പട്ടികജാതി/പട്ടികവർഗ്ഗം, വനിത, തത്വജ്ഞാനി, ക്ഷേത്രകലകളിലും ഹിന്ദു സാഹിത്യത്തിലും പ്രാവീണ്യമുള്ളവർ എന്നിവർക്കുപുറമെ സാധാരണ വിഭാഗത്തിലുള്ള നാലുപേരെയും ഉൾപ്പെടുത്തി നിയമ ഭേദഗതിക്കായി ഓർഡിനൻസ് കൊണ്ടുവന്നു. ഈ ഓർഡിനൻസ് വന്നതുകൊണ്ട് മലബാർ മേഖലയിലെ ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങളിലോ ഉത്സവങ്ങൾ

നടത്തുന്നതിലോ യാതൊരു പ്രശ്നവുമുണ്ടായിട്ടില്ല. 3.2.2017-ന് ഓർഡിനൻസ് നിലവിൽ വന്നതോടുകൂടി ഏരിയ കമ്മിറ്റിയുടെ ചുമതല അതാത് അസിസ്റ്റന്റ് കമ്മീഷണർമാർക്കും ട്രസ്റ്റിമാരുടെ ചുമതല പകരം സംവിധാനം ഏർപ്പെടുത്തുന്നതുവരെ അതാത് ട്രസ്റ്റി ബോർഡ് ചെയർമാൻമാർക്കും നൽകിയിട്ടുണ്ട്. എക്സിക്യൂട്ടീവ് ഓഫീസർമാരും പാരമ്പര്യേതര ട്രസ്റ്റിമാരും ഭരിക്കുന്ന ക്ഷേത്രങ്ങളിൽ അവർക്കും ഇതു രണ്ടുമില്ലാത്ത ക്ഷേത്രങ്ങളിൽ പുതിയ ട്രസ്റ്റി ബോർഡ് നിലവിൽ വരുന്നതുവരെ നിലവിലുള്ള ട്രസ്റ്റി ബോർഡ് ചെയർമാൻമാർക്കും ഭരണ ചുമതല നിലനിർത്തുകയും ചെയ്തിട്ടുള്ളതിനാൽ യാതൊരു ഭരണ സ്തംഭനവുമുണ്ടായിട്ടില്ല. മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ 1357 ക്ഷേത്രങ്ങളും 6547 ജീവനക്കാരുമാണുള്ളത്. ക്ഷേത്രങ്ങളിൽ ഉത്സവ കാലങ്ങളിൽ യാതൊരു പ്രശ്നവും ഉണ്ടായിട്ടില്ല. ഉപദേശക സമിതിയും ഉത്സവ കമ്മിറ്റിയും ക്ഷേത്ര ഭരണ സമിതിയും ചേർന്നാണ് ഉത്സവം നടത്തുന്നത്. വിശ്വാസികളെയും ക്ഷേത്ര ആരാധനയിൽ താല്പര്യമുള്ളവരെയും മാത്രമേ സർക്കാർ ക്ഷേത്ര ഭാരവാഹികളാക്കുകയുള്ളൂ. മലബാർ ദേവസ്വം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയമത്തിൽ സമഗ്രമായ മാറ്റം വരുത്തുന്നതിനായി നിയമിച്ചിട്ടുള്ള മൂന്നംഗ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചശേഷം സമഗ്ര നിയമം കൊണ്ടുവരാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2014-15-ൽ 29.462 കോടി രൂപ ബഡ്ജറ്റിൽ

വകയിരുത്തിയിരുന്നുവെങ്കിലും തുകയൊന്നും നൽകിയിരുന്നില്ല. 2015-16-ൽ 31.96 കോടി രൂപ വകയിരുത്തിയതിൽ 12 കോടി രൂപ മാത്രമാണ് നൽകിയത്. ഈ ഗവൺമെന്റ് വന്നതിനുശേഷം 45,41,35,000 (നാൽപ്പത്തിയഞ്ചു കോടി നാൽപ്പത്തിയൊന്നു ലക്ഷത്തി മുപ്പത്തയ്യായിരം) രൂപ മലബാർ ദേവസ്വത്തിന് ഗ്രാന്റായി നൽകി. കുളങ്ങളും കാവുകളുമായി ബന്ധപ്പെട്ട് 2014-ൽ തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. കോലധാരികൾക്കും ആചാരസ്ഥാനീയർക്കും നൽകുന്ന സഹായധനം വർദ്ധിപ്പിക്കുന്നതുസംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്. എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടുമാത്രമേ നിയമനം നടത്തുകയുള്ളൂ. ഭൂമി കൈമാറ്റം സംബന്ധിച്ച് തെലുങ്കാനയുമായി ചർച്ച നടത്തിയെങ്കിലും തീരുമാനമായിട്ടില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നീക്കമാണ് നടത്തിയിട്ടുള്ളത്. പ്രാഥമിക കാർഷിക സംഘങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി മാത്രമാണ് ഗവൺമെന്റ് ഓർഡിനൻസ് കൊണ്ടുവരാൻ നിർബന്ധിതമായത്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പരിഗണനയ്ക്കെടുക്കുകയും ചെയ്തു.

<u>രണ്ടാം വകുപ്പ്</u>

112, 113, 114, 115, 116, 117, 118, 119, 120, 121, 122, 123, 124, 125, 126, 128, 129 ,130, 131, 132, 133, 134, 135, 136, 138, 140, 143, 144, 145, 146, 147, 148, 149, 150, 151, 152, 153, 154 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

112. In clause 2, for " (XIX of 1951)" substitute " (Madras Act No. XIX of 1951)" .

115. In section 13 (1) proposed to be substituted in the principal Act by clause 2, the words " of Hindu Religion" shall be inserted before the word " appointed" .

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

159, 160 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

(ഭേദഗതി ഇല്ല.)

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

108, 109, 110, 111 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ.</u>

കടകംപള്ളി സുരേന്ദ്രൻ): 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): യു.ഡി.എഫ്. ഗവൺമെന്റ് നാമനിർദ്ദേശം ചെയ്ത പ്രാദേശിക കമ്മിറ്റിയിലെ അംഗങ്ങളെ പുറത്താക്കുന്നതിനുവേണ്ടി മാത്രമാണ് മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്ടിൽ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. കഴിഞ്ഞ സർക്കാർ ഭേദഗതി ചെയ്തിരിക്കുന്നതിൽനിന്നും വ്യത്യസ്തമായി ഈ ഭേദഗതി ബില്ലിലൂടെ പ്രാദേശിക കമ്മിറ്റിയിലെ ഏഴ് അംഗങ്ങളിൽനിന്നും ക്ഷേത്രോപദേശക സമിതിയിൽ നിന്നുള്ള അംഗത്തെയും സാമൂഹ്യ പരിഷ്കർത്താവിനെയും ഒഴിവാക്കുകയും രണ്ട് മറ്റംഗങ്ങൾ എന്നതിനു പകരം നാല് മറ്റംഗങ്ങൾ എന്നാക്കി മാറ്റുക മാത്രമാണ് ചെയ്തിരിക്കുന്നത്. കഴിഞ്ഞ സർക്കാർ കൊണ്ടുവന്ന ഭേദഗതി ബില്ലിലുള്ള അതേ കാര്യങ്ങൾ തന്നെ ഇതിലും ഉള്ളതിനാൽ ഭേദഗതി ബിൽ കൊണ്ടുവരേണ്ട ആവശ്യമില്ല.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): മലബാർ ദേവസ്വം ബില്ലിൽ യു.ഡി.എഫ്. ഗവൺമെന്റ് ഭേദഗതി വരുത്തിയതുകൊണ്ടാണ് മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്ടിൽ ഈ സർക്കാരിന് ഭേദഗതി

കൊണ്ടുവരേണ്ടി വന്നത്.

2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ 32-നെതിരെ 62 വോട്ടുകളോടെയും 2 നിഷ്പക്ഷ വോട്ടുകളോടെയും സഭ പാസ്സാക്കി.

## VIII അറിയിപ്പ്

നിയമസഭാ മ്യൂസിയത്തിൽ 23.05.2017-ന് വൈകുന്നേരം ആറ് മണിക്ക് സാമാജികർ ഒത്തുചേർന്ന് കേരള നിയമസഭയുടെ 60-ാം വാർഷികത്തിന്റെ ഭാഗമായി മ്യൂസിയം പുതുക്കി പണിയുന്ന പ്രവൃത്തികൾ സംബന്ധിച്ച് അഭിപ്രായപ്രകടനങ്ങൾ നടത്താവുന്നതാണെന്നും അതിനുശേഷം നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിൽ ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.-യുടെ നേതൃത്വത്തിൽ അവതരിപ്പിക്കുന്ന നാടകവും നിയമസഭാ സാമാജികരുടേയും ജീവനക്കാരുടേയും സംഗീതവിരുന്നും ഉണ്ടായിരിക്കുന്നതാണെന്നും സ്പീക്കർ സഭയെ അറിയിച്ചു.

സഭ വൈകുന്നേരം 4.56-ന് പിരിഞ്ഞു.

******